LIBRARY ARCHIVES Kerala Legislative Assembly

വിധവ അഗതി വാർദ്ധക്യകാല പെൻഷനുകൾ

49 [1254] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവ അഗതി വാർദ്ധക്യകാല പെൻഷനുകൾ എത്രപേർക്ക് വീതമാണ് നൽകിവരുന്നത് ;

(ബി) ഓരോ വിഭാഗത്തിനും നൽകുന്ന പെൻഷൻ തുക എത്രയാണ് ;

(സി) ആകെ എത്ര തുകയാണ് ഈ വിഭാഗങ്ങൾക്കായി പെൻഷൻ ഇനത്തിൽ നൽകുന്നത് ;

(ഡി) എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായി നൽകാനുള്ളത് ;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അഗതി (വിധവ) പെൻഷൻ 231892 പേർക്കും വാർദ്ധക്യകാല പെൻഷൻ 130469 പേർക്കുമാണ് നൽകി വരുന്നത്.

(ബി) ഓരോ വിഭാഗത്തിനും പ്രതിമാസം 110 രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്.

(സി) അഗതി (വിധവ) പെൻഷന് 3249.19 ലക്ഷം രൂപയും വാർദ്ധക്യകാല പെൻഷൻ 1803.19 ലക്ഷം രൂപയുമാണ് ഒരു വർഷം നൽകുന്നത്.

(ഡി) 2005 മാർച്ച് മാസം വരെയുള്ള കാലയളവിലേക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് തുക വർദ്ധിപ്പിക്കുവാൻ കഴിയില്ല.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ

50 [1255] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ നേരിട്ടും സർക്കാരിന്റെ സഹായത്തോടുകൂടിയും ഉള്ള എത്ര അനാഥമന്ദിരങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ ഗ്രാന്റോ ധനസഹായങ്ങളോ ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റോ സാമ്പത്തിക സഹായങ്ങളോ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ നേരിട്ട് അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല. സർക്കാർ ഗ്രാന്റോടുകൂടി സംസ്ഥാനത്ത് 617 അനാഥാലയങ്ങൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം † അനുബന്ധമായി വച്ചിട്ടുണ്ട്.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 225 സ്ഥാപനങ്ങൾ ഉണ്ട്. ജില്ല തിരിച്ച് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	..	10
കൊല്ലം	..	8
കോട്ടയം	..	21
പത്തനംതിട്ട	..	8
ആലപ്പുഴ	..	10
എറണാകുളം	..	28
തൃശ്ശൂർ	..	26
പാലക്കാട്	..	18
ഇടുക്കി	..	10
മലപ്പുറം	..	26
കോഴിക്കോട്	..	16
വയനാട്	..	18
കണ്ണൂർ	..	14
കാസർഗോഡ്	..	12

(സി) (1) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസിൽനിന്നും അംഗീകാരം വാങ്ങിയിരിക്കണം.

(2) അന്തേവാസികളെ എയിഡഡ്/സർക്കാർ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കണം.

(3) ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(4) രക്ഷകർത്താക്കളുടെ കുടുംബ വരുമാനം 11,000 രൂപയിൽ താഴെ ആയിരിക്കണം.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly